# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 568**      **11.12.2012-ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ പൊതുകടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ | ശ്രീ.കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി |
| (എ) കേന്ദ്ര ധനകാര്യ വകുപ്പ് കേരള സംസ്ഥാന ധനകാര്യ വകുപ്പിന് 2012-13 നടപ്പ് സാമ്പത്തിക വർഷം കടമെടുക്കാൻ നിശ്ചയിച്ച തുക എത്രകോടി രൂപയാണ്; | 12566.63 കോടി രൂപയാണ് 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് കടമെടുക്കുന്നതിനായി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. |
| (ബി) ഇപ്രകാരം കടമെടുക്കുമ്പോൾ ഏതൊക്കെ ആവശ്യങ്ങൾക്കാണ് തുക വിനിയോഗിക്കേണ്ടത്; വ്യക്തമാക്കുമോ; | റവന്യൂ കമ്മി നികത്താൻ വേണ്ടി ഉപയോഗിക്കുന്നതിനു പുറമെ, വിദേശ സഹായ പദ്ധതികൾ, കേന്ദ്രാവിഷ്കൃത/കേന്ദ്ര സഹായ പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം, ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടിൻകീഴിൽ വരുന്ന പദ്ധതികൾ (RIDF), വിവിധ മേഖലകളിലുള്ള സംസ്ഥാന പദ്ധതികൾ എന്നിവയ്ക്കായാണ് തുക വിനിയോഗിക്കുന്നത്. |
| (സി) ഇപ്രകാരം കടമെടുക്കുമ്പോൾ നിശ്ചയിച്ച തുകയിൽ നിന്നും എത്ര കോടി രൂപ ഇതുവരെ കടമെടുത്തു; | അക്കൗണ്ടന്റ് ജനറലിന്റെ 31.10.2012 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം കടമെടുക്കാൻ നിശ്ചയിച്ചിട്ടുള്ള തുകയിൽ നിന്ന് ഇതുവരെയായി 4936.39 കോടി രൂപ (തനി) കടമെടുത്തിട്ടുണ്ട്. |
| (ഡി) ഈ സാമ്പത്തിക വർഷം അവസാനിക്കുന്ന മാർച്ച് 31-ന് മുൻപ് എത്ര കോടി രൂപകൂടി ഇത്തരത്തിൽ കടമെടുക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് വിധേയമായി അനുവദിക്കപ്പെട്ട മൊത്തം തുകയും കടമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഇ) നടപ്പുവർഷം സഞ്ചിതകടം എത്രകോടി കവിയുമെന്നാണ് കരുതുന്നത്; കഴിഞ്ഞ സാമ്പത്തിക വർഷം സഞ്ചിത കടം എത്ര കോടി കവിഞ്ഞിരുന്നു; വ്യക്തമാക്കുമോ; | നടപ്പുവർഷം സഞ്ചിത കടം 101313.5 കോടി രൂപ ആകും എന്നാണ് പ്രതീക്ഷിക്കുന്നത്. പ്രാഥമിക കണക്കുകൾ പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ സഞ്ചിത കടം 89416.18 കോടി രൂപയായിരുന്നു. |
| (എഫ്) സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ എത്ര ശതമാനം സഞ്ചിത കടമെന്ന സ്ഥിതിയിലേക്ക് ഇപ്പോൾ പോകുമെന്ന് വ്യക്തമാക്കുമോ; | സാമ്പത്തിക സ്ഥിതി വിവര വകുപ്പിന്റെയും, അക്കൗണ്ടന്റ് ജനറലിന്റെയും താത്കാലിക കണക്കുകൾ പ്രകാരം 2011-12 ൽ സംസ്ഥാനത്തിന്റെ സഞ്ചിത കടം മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 28.37 ശതമാനമാണ്. |
| (ജി) നിലവിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്രകോടി രൂപയാണെന്ന് വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ 31.10.2012 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത 94364.57 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ.